പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 408 — 04.2.2014- ൽ മറുപടിക്ക്

## കയർതൊഴിലാളികളുടെ കൂലിവർദ്ധനവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്:<br>,, സണ്ണി ജോസഫ്<br>,, എം.എ. വാഹിദ്:<br>,, ബെന്നി ബെഹനാൻ: | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)ഈ സർക്കാർ അധികാരമേറ്റ ശേഷം കയർ മേഖലയിൽ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കു - ന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 150/- രൂപയിൽ നിന്നും 210/- രൂപയായും തുടർന്ന് 260/- രൂപയായും, ഉല്പന്ന മേഖലയിലെ കുറഞ്ഞ കൂലി 200/- രൂപയിൽ നിന്ന് 285/- രൂപയായും പിന്നീട് 360/- രൂപയായും വർദ്ധിപ്പിച്ചു. |
| (ബി) കയർപിരി മേഖലയിൽ കൂലി വർദ്ധനവിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്; വിശദാംശങ്ങൾ അറിയിക്കുമോ; | ബി) കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 02.02.2012 മുതൽ 210/- രൂപയായും, 01.05.2013 മുതൽ 260/- രൂപയായും വർദ്ധിപ്പി പ്പിച്ചിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത കയർപിരി തൊഴിലാളികൾക്ക് ഇതിൽ ഒരു വിഹിതം സർക്കാർ നൽകുന്നു. |
| സി) ഉല്പന്ന മേഖലയിൽ കുറഞ്ഞ കൂലി എത്രയായിട്ടാണ് വർദ്ധിപ്പിച്ചത്;വിശദമാക്കുമോ; | സി) ഉ ല്പന്ന മേഖലയിലെ കുറഞ്ഞ കൂലി 200/- രൂപയിൽ നിന്നും 285/- രൂപയായും, 01.03.2013 മുതൽ 360/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ഡി) തൊഴിലാളികളുടെ കൂലി ബാങ്ക് അക്കൗണ്ടുവഴി നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടു ണ്ട്; വിശ ദാംശങ്ങൾ എന്തെല്ലാം? | ഡി) വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം അ ർഹരായതൊഴിലാ ളിൽ നിന്നും ക്ലെയിം ലഭി- ക്കുമ്പോൾ അവ പരിശോധിച്ച് അർഹമായ സർക്കാർ വിഹിതം ഈ ആവശ്യത്തിനു വേണ്ടി എടുത്തിട്ടുള്ള അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കയർ പ്രോജ ക്ട് ഓഫീസ ർ നിക്ഷേപിക്കുന്നു. |

സെക്ഷൻ ഓഫീസർ